(ചോദ്യം 662 ചോദിച്ചില്ല)

നേഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ്

*618 [663] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ ഡിപ്പാർട്ടുമെന്റ് നേഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ് നടത്തുകയുണ്ടായോ ;

(ബി) ഈ പരീക്ഷ ആകെ എത്രപേർ പാസ്സായിട്ടുണ്ട് ; അവരുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) ഇവർക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് മാത്രം നൽകാൻ കാരണമെന്ത് ;

(ഡി) ഒറിജിനൽ സർട്ടിഫിക്കറ്റ് ഉടനെ നൽകുവാൻ നടപടി സ്വീകരിക്കുമോ ; ഈ കോഴ്സ് നടത്തിയത് ഏന്ത് ഉദ്ദേശത്തോടുകൂടിയാണ് ; ഈ കോഴ്സ് പാസ്സായിട്ടുള്ളവർക്ക് സ്വന്തമായി ഹോമിയോ പ്രാക്ടീസ് ചെയ്യാൻ അനുമതി നൽകുമോ ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ) :

(എ) 1973-74-ൽ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം ഹോമിയോ ഡിപ്പാർട്ട്മെന്റ് നേഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ് നടത്തുകയുണ്ടായി.

(ബി) 47 പേർ പാസായിട്ടുണ്ട്. ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. †

(സി) സർട്ടിഫിക്കറ്റുകൾ അച്ചടിച്ചുകിട്ടിയിട്ടില്ലാത്തതുകൊണ്ടാണ് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകിയത്. ഒറിജിനൽ സർട്ടിഫിക്കറ്റ് നൽകുന്നതുവരെ അതിനേറ്റതായ എല്ലാആവശ്യത്തിനും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് മതിയാകും.

(ഡി) ഒറിജിനൽ സർട്ടിഫിക്കറ്റ് നൽകുവാൻ നടപടികൾ എടുത്തുവരുന്നു. ഹോമിയോ വകുപ്പിൽ യോഗ്യത നേടിയ പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിക്കപ്പെടുന്നതിനു വേണ്ടിയായിരുന്നു ഈ കോഴ്സ് നടത്തിയത്. ഈ കോഴ്സ് പാസായിട്ടുള്ളവർക്ക് സ്വന്തമായി ഹോമിയോ പ്രാക്ടീസ് ചെയ്യുവാൻ അനുമതി നൽകുകയില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ: പാരാ മെഡിക്കൽ സ്റ്റാഫായി ഈ 47 പേരിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. പ്രഭാകരൻ: അവരെ നിയമിക്കുന്നതിനുള്ള യോഗ്യത 13-11-1978-ൽ മാത്രമാണ് ഇവിടെ ഗവൺമെന്റ് അംഗീകരിച്ചത്. അതിനെത്തുടർന്ന് പാസായിട്ടുള്ളവരുടെ ലിസ്റ്റിൽനിന്ന് ആളുകളെ സെലക്ട് ചെയ്തു തരാൻ പി. എസ്. സി. യോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പി. എസ്. സി. യിൽനിന്നു ലിസ്റ്റ് കിട്ടുന്ന മുറയ്ക്കുമാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന്, പി. എസ്. സി. യിൽനിന്നും ആളുകൾ വരുന്നതുവരെ ഇവരെ താൽക്കാലികമായി ജോലിക്ക് വയ്ക്കുന്നുണ്ട്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ കോഴ്സ് തുടർന്നു നടത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. പി. പ്രഭാകരൻ: തുടർന്നു നടത്താനുള്ള സ്കോപ്പില്ല. കാരണം ഈ ഡിപ്പാർട്ടുമെൻറിൽ 29 പോസ്റ്റാണ് ഇപ്പോഴം നിലവിലുള്ളത്. അതിൽ 11 പേരെ വച്ചിട്ടുണ്ട്. ഇനി ഈ ലിസ്റ്റിൽനിന്നു 18 പേരെ നിയമിച്ചാൽപോലും 29 ആളുകളം ബാക്കിയുണ്ടാകും. അധികം സ്കോപ്പില്ലാത്തതുകൊണ്ട് ആവശ്യം വരുമ്പോഴം തുടർന്നു നടത്താം.

ശ്രീ. പി. ബാലൻ: ഹോമിയോ ഡാക്ടർമാർ എന്നു പറഞ്ഞ് നാട്ടിലുടനീളം ബോർഡുകളംവച്ച് എല്ലാ ഗ്രാമങ്ങളിലും ചികിൽസിക്കുന്നതായി കാണാം. ഇതേസംബന്ധിച്ച് വളരെ വിദഗ്ദ്ധമായി ഒരു അന്വേഷണം നടത്തി ഇവർ യഥാർത്ഥ ഡാക്ടർമാർ ആണോ, സർട്ടിഫിക്കറ്റ് പഠിച്ചു കിട്ടിയിട്ടുള്ളതാണോ എന്നുള്ള വിവരം ശേഖരിച്ച് യോഗ്യതയില്ലാത്തവരുടെ പ്രാക്ടീസ് അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെ വഴിനീളെ ബോർഡുകംവച്ച് യോഗ്യതയില്ലാത്തവർ പ്രാക്ടീസ് നടത്തുന്നുണ്ടെങ്കിൽ അതേക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. പി. പി. എസ്തോസ്: ഹോമിയോ ഡിസ്പെൻസറികളം കൂടുതൽ ഈ വർഷം തുടങ്ങാൻ പരിപാടിയുണ്ടെന്നു മനസിലാക്കുന്നതുകൊണ്ടും ഇപ്പോഴം ഈ കോഴ്സ് പാസായിട്ടുള്ളവർ വളരെ ചുരുക്കമാണെന്നുള്ളതുകൊണ്ടും തൊഴിലില്ലായ്മ അവസാനിപ്പിക്കുക എന്നതാണ് നമ്മുടെ പരിപാടി എന്നുള്ളതുകൊണ്ടും ഈ പദ്ധതി നീട്ടിക്കൊണ്ടു പോകുന്നതിൽ എന്താണ് തടസ്സം ?

ശ്രീ. കെ. പി. പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ ഇതിൻെറ വസ്തുത മനസ്സിലാക്കാതെയാണ് പറയുന്നത്. ഡിസ്പെൻസറികളിൽ നേഴ്സിൻെറ ആവശ്യമില്ല. ഡിസ്പെൻസറികളം മാത്രമാണ് കൂടുതൽ വർദ്ധിപ്പിക്കുന്നത്. ആസ്പത്രികളം കൂടുതലുണ്ടാക്കുകയാണെങ്കിൽ മാത്രമേ ഇവർക്കു ജോലി കൊടുക്കാൻ സാധിക്കുകയുള്ളു. വളരെ കുറഞ്ഞ ചികിൽസാ സ്ഥാപനങ്ങളേ ഇതിൻെറ പരിധിയിലുള്ളു. 18 സ്ഥാപനങ്ങളേയുള്ളു. അതുകൊണ്ട് ആശുപത്രികളുടെ വർദ്ധനവനുസരിച്ച് ഈ കാര്യത്തെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: ഒരു സംസ്ഥാനത്തിലെ ഹോമിയോ ആശുപത്രികളിൽമാത്രം ഇവരെ നിയമിക്കുന്ന കാര്യമാണെങ്കിൽ പരിമിതികളുണ്ടെന്നു സമ്മതിക്കാം. ഈ കോഴ്സ് മറ്റു സംസ്ഥാനങ്ങളോ കേന്ദ്ര ഗവൺമെൻറോ അംഗീകരിക്കത്തക്കവിധത്തിൽ വല്ല സമ്മർദ്ദവും ചെലുത്തി മറ്റു സംസ്ഥാനങ്ങളിൽ ജോലി കിട്ടുന്നതിനുള്ള പരിശ്രമമെന്നുള്ള നിലയിൽ ഈ കോഴ്സ് തുടരുന്നതിനുള്ള ശ്രമം നടത്തിക്കൂടേ ?

ശ്രീ. കെ. പി. പ്രഭാകരൻ: അതു ആലോചിക്കാതെ മറുപടി പറയാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[ചോദ്യം നമ്പർ *618 (663) കാണുക]

ഹോമിയോ ഡിപ്പാർട്ടുമെന്റ് നടത്തിയ നേഴ്സ്-കം-ഫാർമസിസ്റ്റ് ട്രെയ്നിംഗ് പരീക്ഷയിൽ വിജയികളായവരുടെ പേരു വിവരം.

നമ്പർ	പേര്
1.	ജേക്കബ് ജെ. ഇഞ്ചപ്പൻ
2.	മേരിക്കുട്ടി വർഗീസ്
3.	എം. പി. വിജയമ്മ
4.	കെ. വി. രാജു
5.	പി. എസ്. വിജയമ്മ
6.	എം. പി. വിജയകുമാർ
7.	ത്രേസ്യാമ്മ ജോസഫ്
8.	എ. എ. ശാന്തമ്മ
9.	എം. എസ്. ആലി റാവുത്തർ
10.	വി. ജെ. വിൻസന്റ്
11.	കെ. എ. ശാന്താമണി
12.	കെ. ജി. രാധാമണി അമ്മ
13.	വത്സം സക്കറിയാ
14.	മേഴ്സി ബെൻ
15.	ഗ്രേസ് എം. സക്കറിയാ
16.	കെ. ശശി
17.	എസ്. തങ്കമണി
18.	എം. കെ. ബാബു
19.	എ. ആർ. കുഞ്ഞമ്മ
20.	ജെ. നൂറുദ്ദീൻകുട്ടി
21.	എം. ആർ. കൃഷ്ണപിള്ള
22.	കെ. ശകുന്തള
23.	ടി. കെ. ലീല
24.	വി. എ. വിജയമ്മ
25.	വി. പി. ജോർജ്ജ്
26.	പി. കെ. വിശാലൻ
27.	ആർ. മുരളീധരൻ
28.	സി. കെ. പ്രസന്ന
29.	സി. എസ്. പ്രസന്നകുമാരി
30.	എസ്. ലതികാദേവി
31.	എസ്. അബ്ദുൽ ജലീൽ
32.	എസ്. അയ്യപ്പൻ
33.	എം. വി. ബാലൻ
34.	ഡി. ജോർജ്ജ്
35.	ഖദീജ കൊരംബയിൽ
36.	ലീലാമ്മ കെ. സി.
37.	ജി. സാംബശിവൻ
38.	പി. കെ. സിദ്ധിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പേര്

39. എ. രാജയ്യൻ
40. എസ്. മുഹമ്മദ് സാലി
41. എസ്. ഇന്ദിരാബായി
42. അലീസ് ജോസഫ്
43. എ. ജെ. ചന്ദ്രിക
44. ആർ. സബിതി
45. ആർ. വത്സല
46. ആർ. ഗോമതി
47. വി. എൻ. വാസുദേവൻ നമ്പൂതിരി

LIBRARY ARCHIVES Kerala Legislative Assembly